മി. സ്പീക്കർ : ഇല്ല, ഇല്ല, ഇന്ന് സബ്മിഷനാണ്, ഇപ്പോഴില്ല, ഇതുകഴിഞ്ഞിട്ട്, അങ്ങയുടേത് ബഡ്ജറ്റിന്റെ പോയിന്റ് ഓഫ് ഓർഡറാണ്. ഞാൻ അങ്ങയോട് വിനീതമായി ചോദിക്കുകയാണ്. ഇന്ന് ഇത്രയും സമയമായ സ്ഥിതിയ്ക്ക് അടുത്ത ദിവസം ബഡ്ജറ്റിന്റെ ദിവസം വരികയാണ്, അപ്പോൾ അങ്ങേയ്ക്ക് തരാം. സപ്ലിമെന്ററിയും ഇതും തമ്മിൽ യാതൊരു ബന്ധവുമില്ല.

ശ്രീ. കെ. എം. മാണി : ആയിക്കോട്ടെ.

മി. സ്പീക്കർ : താങ്ക്യു. ഇങ്ങനെ സഹകരിക്കണം,

## IV സബ്മിഷൻ

### (1) ആലപ്പുഴ നഗരത്തിൽ ട്രാഫിക് പോലീസ് സ്റ്റേഷനും വനിതാപോലീസ് സ്റ്റേഷനും

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ആലപ്പുഴ നഗരത്തിൽ ട്രാഫിക് പോലീസ് സ്റ്റേഷനും വനിതാ പോലീസ് സ്റ്റേഷനും ആരംഭിക്കുന്നത് സംബന്ധിച്ച സബ്മിഷനാണ്. ഒറ്റവാക്കേ പറയുന്നുള്ളൂ. ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ഒരു നഗരമാണ്. ആ നഗരത്തിന്റെ പ്രത്യേകത ചുറ്റും കനാലുകളാണ് അത് അങ്ങേയ്ക്കും മുഖ്യമന്ത്രിക്കും അറിയാവുന്നതാണ്. അതുകൊണ്ട് ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ജില്ലാ ഹെഡ്കാർട്ടേഴ്സിൽ ഒരു ട്രാഫിക് പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. അതോടൊപ്പം തന്നെ വനിതാപോലീസുകാരുടെ എണ്ണം തീരെ കുറവുള്ള ജില്ലയാണ് ആലപ്പുഴ, അവിടെ ഒരു വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കണം. ഇടയ്ക്കിടെ നിയമസമാധാന പ്രശ്നം ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരു ജില്ലയെന്നുള്ള നിലയിൽ ഇതുരണ്ടും സ്ഥാപിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

മി. സ്പീക്കർ : ഇങ്ങനെയാണെങ്കിൽ ദിവസവും സബ്മിഷന് സമയം തരാം.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, സംസ്ഥാനത്തെ ട്രാഫിക് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ട്രാഫിക് പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്ത് എല്ലാ ജില്ലകളിലും ട്രാഫിക് പോലീസ് സ്റ്റേഷനുകൾ ഘട്ടം ഘട്ടമായി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇപ്പോൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സിറ്റികളിൽ ആണ് വനിതാപോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത്. ഒരു വനിതാ സബ് ഇൻസ്പെക്ടർ, രണ്ടു ഹെഡ്കോൺസ്റ്റബിൾമാർ, രണ്ടു വനിതാ കോൺസ്റ്റബിൾമാർ, എന്നിവരടങ്ങുന്ന വനിതാസെൽ ആലപ്പുഴയുൾപ്പെടെയുള്ള എല്ലാ ജില്ലകളിലും ഒരു ക്രൈം ഡിറ്റാച്ച്മെന്റ് ഡി.വൈ.എസ്.പി.യുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ സബ് ഇൻസ്പെക്ടർമാരേയും വനിതാ കോൺസ്റ്റബിൾമാരേയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly